**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2084 — 06.02.2019 ൽ മറുപടിക്ക്

## ആരോഗ്യ നയത്തിന്റെ പ്രഖ്യാപിതലക്ഷ്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ചാണ്ടി | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |

**(എ)** സംസ്ഥാനത്തെ ആരോഗ്യ മേഖലയെ സമഗ്രമായി ഉൾക്കൊള്ളുന്ന ആരോഗ്യ നയത്തിന്റെ പ്രഖ്യാപിതലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ:

**(എ)** സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെയും ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റത്തക്ക രീതിയിൽ ആരോഗ്യരംഗത്ത് സമഗ്ര ഇടപെടൽ നടത്തുകയും അതോടൊപ്പം രോഗാതുരതയും മരണനിരക്കും കുറയ്ക്കാനായി താഴെ പറയുന്ന കാര്യങ്ങൾ നേടിയെടുക്കേണ്ടതുമാണ്.

1. പകർച്ചവ്യാധികളുടെ നിയന്ത്രണം,
2. പ്രാഥമികതലത്തിൽത്തതന്നെ ജീവിതശൈലീ രോഗങ്ങളുടെ നിയന്ത്രണം,
3. കാര്യക്ഷമമായ ആരോഗ്യപരിപാലന സംവിധാനങ്ങൾ,
4. പ്രാഥമിക ചികിത്സാസ്ഥാപനങ്ങളുടെ എണ്ണവും നിലവാരവും വർദ്ധിപ്പിക്കൽ,
5. ദ്വിതീയതലത്തിൽ രോഗ സങ്കീർണതകളുടെ നിയന്ത്രണം,
6. ദ്വിതീയ തൃതീയ തല ചികിത്സാ സൗകര്യങ്ങളുടെ ആധുനികവത്കരണം,
7. ത്രിതല റഫറൽ സമ്പ്രദായം നടപ്പാക്കൽ,
8. ചികിത്സാരംഗത്ത് ആവശ്യമായ നിയന്ത്രണസംവിധാനം ഏർപ്പെടുത്തൽ

ഇത്തരത്തിൽ കേരളത്തിന്റെ ആരോഗ്യമേഖല മെച്ചപ്പെടുത്തുന്നതിന് താഴെ പറയുന്ന ദീർഘകാല ലക്ഷ്യങ്ങളും ഹ്രസ്വകാല ലക്ഷ്യങ്ങളും ആവിഷ്കരിച്ചിട്ടുണ്ട്.

**ദീർഘകാല ലക്ഷ്യങ്ങൾ**

1. സാർവത്രികവും സൗജന്യവും സമഗ്രവുമായ ആരോഗ്യരക്ഷാസംവിധാനം ഏർപ്പെടുത്തുക.
2. ശിശു, ബാല, മാതൃ മരണനിരക്കുകൾ വികസിത രാജ്യങ്ങളിലേതിനുതുല്യമായ തലത്തിൽ എത്തിക്കുക.
3. ജനങ്ങളുടെ ആരോഗ്യത്തോടെയുള്ള

| | | | |
|---|---|---|---|
| | | | ആയുർദൈർഘ്യം കൂട്ടുക.<br><br>ഹ്രസ്വകാല ലക്ഷ്യങ്ങൾ<br><br>1. മാതൃമരണ നിരക്ക് ഒരു ലക്ഷം ജനങ്ങളിൽ 66 എന്നതിൽ നിന്ന് 30 ആക്കുക.<br>2. ശിശുമരണനിരക്ക് 12 ൽ നിന്ന് 8 ആക്കുക.<br>3. നവജാത ശിശിക്കളുടെ മരണനിരക്ക് 7 ൽ നിന്നും 5 ആക്കുക.<br>4. 5 വയസിന് താഴെയുള്ള കുട്ടികളുടെ മരണനിരക്ക് 14 ൽ നിന്നും 9 ആയി കുറക്കുക.<br>5. പകർച്ചവ്യാധികളുടെ വാർഷിക രോഗബാധ 50 ശതമാനമായി കുറയ്ക്കുക.<br><br>ഇത്തരത്തിൽ ആരോഗ്യമേഖലയിലെ നമ്മുടെ ലക്ഷ്യം എസ്.ഡി.ജി (Sustainable Development Goals) യുടേതായി മാറ്റുക എന്നതാണ് ആരോഗ്യ നയത്തിലൂടെ ഉദ്ദേശിക്കുന്നത്. |
| (ബി) | അനുദിനം വർദ്ധിച്ച് വരുന്ന ചികിത്സാ ചെലവ് കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാന സർക്കാരിന്റെ ആർദ്രം മിഷനിലൂടെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിലൂടെ പ്രാഥമികാരോഗ്യ രംഗം ശക്തിപ്പെടുത്തുകയും ജില്ലാ താലൂക്ക് ആശുപത്രികളിൽ ഹൃദ്രോഗ ചികിത്സ ഉൾപ്പെടെ പ്രത്യേക Special Section സേവനങ്ങൾ നൽകുകയും ആശുപത്രികളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി മികവിന്റെ കേന്ദ്രങ്ങളായി മാറ്റുവാനും അതുവഴി ചികിത്സാ ചെലവ് കുറയ്ക്കുവാനും സാധിച്ചിട്ടുണ്ട്.<br><br>സ്വകാര്യ ആശുപത്രികളിൽ അനാവശ്യ പരിശോധനകൾക്കും ചികിത്സകൾക്കും രോഗികൾ വിധേയരാകേണ്ടി വരുന്നത് വഴിയാണ് ചികിത്സാ ചെലവ് വർദ്ധിക്കുന്നത്. എന്നാൽ ഇത് തടയുന്നതിനായി Clinical Establishment Act നടപ്പിലാകുന്നതിലൂടെ സ്വകാര്യ ആശുപത്രികളെ ഒരു പരിധിവരെ നിയന്ത്രിക്കാനും ചികിത്സാ ചെലവ് കുറയ്ക്കുവാനു സാധിക്കുന്നതാണ് എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ